**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2218** **20.01.2021 ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേട്ടങ്ങൾ**

| **ചോദ്യം**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി** | **മറുപടി**<br>**ശ്രീ.പി.തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)** |
|---|---|
| **(എ)** ഈ സർക്കാർ വന്നതിന് ശേഷം സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | **(എ)** അനുബന്ധം 'എ' ആയി ചേർക്കുന്നു |
| **(ബി)** ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ഇനിയും എന്തെല്ലാം പുതിയ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ? | **(ബി)** അനുബന്ധം 'ബി' ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം -എ

## I. <u>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേശീയ ഭക്ഷ്യഭദ്രത നിയമം–2013 നെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ സംവിധാനം നടപ്പാക്കിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.</u>

- ദേശീയ ഭക്ഷ്യ ഭദ്രത നിയമം – 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു.
- സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മെഷീൻ മുഖാന്തിരമാക്കിയിട്ടുണ്ട്.
- ദേശീയ ഭക്ഷ്യഭദ്രതാ നിയമം – 2013 അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തി വരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത് സപ്ലൈകോയെ ആണ്.
- നേരിട്ട് റേഷൻ വാങ്ങാൻ പോകാത്ത ശയ്യാവലംബരായ കാർഡുടമകൾക്ക് വേണ്ടി മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം എർപ്പെടുത്തിയിട്ടുണ്ട്.
- റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്.
- രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.
- റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18000/- രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കി.
- ദേശീയ ഭക്ഷ്യഭദ്രത നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിരുന്നു.
- സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിച്ചു.

- ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി.

- ദേശീയ ഭക്ഷ്യഭദ്രത നിയമം – 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു.

- ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം. എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു.

- നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമാർജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോട് കൂടിയുള്ള വിശപ്പ് രഹിത കേരളം എന്ന പദ്ധതി ആലപ്പുഴ, കോട്ടയം,തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

- ദേശീയ ഭക്ഷ്യഭദ്രതാ നിയമം – 2013 അനുശാസിക്കുന്ന പ്രകാരം പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) ന്റെ പ്രവർത്തനം ആരംഭിച്ചു.

- പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്..

സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയതിൻപ്രകാരം നവീകരണം പൂർത്തിയാക്കുകയും ചെയ്തു.

II **<u>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേശീയ ഭക്ഷ്യഭദ്രത നിയമം–2013 നെ അടിസ്ഥാനപ്പെടുത്തി സപ്ലൈകോയിൽ നടപ്പാക്കിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.</u>**

**i.** സപ്ലൈകോ വില്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ വില്പന നടത്തുന്ന അവശ്യ സാധനങ്ങളുടെ വില (ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയിൽ നിന്നും) വർദ്ധനവ് വരുത്തേണ്ടതില്ലെന്ന സർക്കാർ നയം നടപ്പിലാക്കി

**ii.** പൊതുവിപണിയിലെ വില നിയന്ത്രണവിധേയമാക്കുന്നതിന്റെ ഭാഗമായി അവശ്യ സാധനങ്ങളുടെ വാങ്ങലിനായി ഇ ടെണ്ടർ, ഇ ഓക്ഷൻ മുതലായ സാങ്കേതിക സംവിധാനങ്ങൾക്ക് പുറമെ, കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് ചെറുപയർ, ഉവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യ സാധനങ്ങൾ സംഭരിച്ചു

**iii.** സവാളയുടെ വില കത്തനെ വർദ്ധിച്ച അവസരത്തിൽ നാഫെഡ് മുഖേനയും കേന്ദ്രീയ ഭണ്ടാരിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിലെത്തിക്കുന്നതിനും സാധിച്ചു.

**iv.** പ്രളയവും കോവിഡ് മഹാമാരിയും ബാധിച്ച സംസ്ഥാന ജനതയുടെ അതി ജീവനത്തിനായി അവശ്യ ഭക്ഷ്യ സാധനങ്ങളുടെയും ഭക്ഷ്യ കിറ്റുകളുടെയും വിതരണം നടത്തി. കോവിഡ് അനുബന്ധ ലോക്ക് ഡൌൺ കാലം മുതൽ (2020 ഏപ്രിൽ മുതൽ) 6 തവണയായി ഏകദേശം 5 കോടിയിലധികം കിറ്റുകൾ ഇതിനകം വിതരണം ചെയ്തു. ഇത് കൂടാതെ ക്വാറൻറീനിലുള്ളവർ, ഭിന്നലിംഗക്കാർ, അതിഥി തൊഴിലാളികൾ, മൽസ്യ തൊഴിലാളികൾ അഗതി മന്ദിരങ്ങളിലെയും ആശ്രമങ്ങളിലെയും അന്തേവാസികൾ എന്നിവർക്കും ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്തു.

**v.** സബ് സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് 2018 ഓഗസ്റ്റ് മാസം മുതൽ, റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുവാൻ ആരംഭിച്ചു. ഇത് മൂലം സബ് സിഡി ദുരുപയോഗം പൂർണ്ണമായും തടയുന്നതിന് സാധിച്ചു.

**vi.** ഉപഭോക്തൃസൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1528 ആയിരുന്നെങ്കിൽ ഇന്ന് എണ്ണം 1598 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിനു പുറമെ, നിലവിലുള്ളവ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും നടപടിയെടുത്തു. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 86, 56 സപ്ലൈകോ വില്പനശാലകൾ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ ആധുനീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 12.95 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 2020-21 സാമ്പത്തികവർഷം വില്പനശാലകൾ നവീകരിക്കുന്നതിന് സർക്കാർ അനുവദിച്ച 4.73 കോടി രൂപ വിനിയോഗിച്ച് 57 വില്പനശാലകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലെ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം 84 വില്പനശാലകൾ പുതിയതായി ആരംഭിക്കുകയും നിലവിലുള്ള 119 വില്പനശാലകൾ കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. ഒരു സപ്ലൈകോ വിൽപ്പനശാല പോലും ഇല്ലാതിരുന്ന 25 പഞ്ചായത്തുകളിൽ കൂടി പുതിയ വില്പനശാലകൾ ആരംഭിച്ചു. സംസ്ഥാനത്തെ 13 പഞ്ചായത്തുകളിൽ മാത്രമാണ് ഇനിയും വിൽപ്പനശാലകൾ ആരംഭിക്കാനുള്ളത്. ഇതിൽ '6' പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**vii.** സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ കൂടുതൽ ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ശബരി ബ്രാൻഡിലുള്ള തേയില മെച്ചപ്പെട്ട രുചിയോടെ ബ്ലെൻഡ് ചെയ്ത് വിപണിയിലെത്തിക്കുവാനും മികച്ച പരസ്യങ്ങൾ നൽകി മാർക്കറ്റ് ചെയ്യുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസം മുതൽ ശബരി ബ്രാൻഡിലുള്ള കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് സപ്ലൈകോയ്ക്ക് നൽകുവാനായി സഹകരണ മേഖലയിലെ റെയ്ഡ്കോ എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. ഇത് വഴി, ഇവയുടെ ലഭ്യതയും ഗുണമേന്മയും മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങളുടെ വിപണത്തിന് താല്പര്യം പ്രകടിപ്പിക്കുന്ന റേഷൻ വ്യാപാരികൾക്ക്, നിശ്ചിത മാർജിൻ പങ്കുവെച്ച് ശബരി ഉൽപ്പങ്ങളുടെ വിതരണക്കാരാകുവാനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

**viii.** 170 ഗൃഹോപകരണ വില്പന കൗണ്ടറുകളിലൂടെ ശരാശരി 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണങ്ങളുടെ വില്പന ആരംഭിച്ചു. ഇത് വഴി ഈ രംഗത്തെ ചൂഷണത്തിന് ഒരു പരിധി വരെ ആശ്വാസം നൽകുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്.

**ix.** തീരദേശത്തെ സ്ത്രീകളെ ഗുണഭോക്താക്കളാക്കിക്കൊണ്ട് അവരുടെ ബദൽ ജീവനോപാധി എന്ന നിലയിൽ സപ്ലൈകോയിൽ നിന്നും സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ഇനങ്ങൾ നൽകി കൊണ്ട് തീര മാവേലി യൂണിറ്റുകളുടെ പ്രവർത്തനം പുനരാരംഭിച്ചു. നിലവിൽ 14 തീരമാവേലി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**x.** മൊബൈൽ ആപ് / വെബ് പോർട്ടൽ മുഖേന സാധനങ്ങൾ ഓർഡർ ചെയ്ത് തെരഞ്ഞെടുക്കപ്പെട്ട വില്പനശാലകളിൽ നിന്നും ഡോർ ഡെലിവറി ആയി ഉപഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്ന സംരംഭത്തിന് തുടക്കം കുറിച്ചു.

**XI.** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി 142 സപ്ലൈകോ

വിൽപ്പനശാലകൾ നവീകരിക്കുകയും ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ വിധത്തിൽ ആധുനീകരിക്കുകയും ആയതിന് 12.95 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വലിയതുറയിൽ 2378.25 SQ.MT വിസ്തീർണ്ണത്തോടുകൂടി ഒരു ഗോഡൗൺ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഉദ്ഘാടനം 11.09.2020 ന് ബഹുഭക്ഷ്യവകുപ്പ് മന്ത്രി നിർവഹിച്ചു. ഇപ്പോൾ ഗോഡൗൺ ഭക്ഷ്യ സംഭരണത്തിനായി വിനിയോഗിച്ചു വരുന്നു. ഇതുകൂടാതെ, പിറവത്ത് 14.96 കോടി രൂപ അടങ്കൽ തുകയ്ക്ക് സബർബൻ മാൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ച് 10.09.2020 ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം-ബി</u>

I. **<u>സിവിൽ സപ്ലൈസ് വകുപ്പിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ</u>**

ഇ-ആധാർ മാതൃകയിൽ അപേക്ഷകന് സ്വയം പ്രിന്റ് ചെയ്തെടുക്കാൻ കഴിയുന്ന ഇ-റേഷൻകാർഡ് (ഇലക്ട്രോണിക് റേഷൻ കാർഡ്) സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ അക്ഷയ ലോഗിൻ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ Approve ചെയ്തതിനുശേഷം പുസ്തക രൂപത്തിലുള്ള റേഷൻകാർഡ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ തന്നെ അച്ചടിച്ച് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇ-റേഷൻ കാർഡ് സംവിധാനം നിലവിൽ വരുമ്പോൾ, താലൂക്ക് സപ്ലൈ ഓഫീസർ Approve ചെയ്ത ഉടനെ തന്നെ അപേക്ഷകന് അക്ഷയ ലോഗിൻ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ തന്നെ പുതിയ മാതൃകയിലുള്ള ഇ-റേഷൻകാർഡ് സ്വയം പ്രിന്റ് ചെയ്തെടുക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ഉപഭോക്തൃകാര്യ ഡയറക്ടേറ്റ് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

II. **<u>സപ്ലൈകോയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള / തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ (മാർക്കറ്റിംഗ് വിഭാഗവുമായി ബന്ധപ്പെട്ട്)</u>**

i. സർക്കാറിന്റെ വിപണി ഇടപെടൽ നയം പിന്തുടർന്ന് കൊണ്ട്, സപ്ലൈകോ വില്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ വില്പന നടത്തുന്ന അവശ്യ സാധനങ്ങളുടെ വില (ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയിൽ നിന്നും) തുടർന്നും വർദ്ധനവ് വരുത്തുന്നതല്ല.

ii. സർക്കാർ ഉത്തരവിൻ പ്രകാരം, 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള നാല് മാസങ്ങളിൽ കൂടി കോവിഡ് സമാശ്വാസ ഭക്ഷ്യ കിറ്റ് വിതരണം തുടരുന്നതാണ്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സമയ പരിധിയ്ക്കകം കിറ്റ് തയ്യാറാക്കി റേഷൻ കടകളിൽ എത്തിക്കുവാനുള്ള നടപടികൾ സപ്ലൈകോ ആരംഭിച്ചിട്ടുണ്ട്.

iii. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളായ അഞ്ച്തെങ്ങിൽ മാവേലി സ്റ്റോറും പിരായിരി, പട്ടഞ്ചേരി എന്നിവിടങ്ങളിൽ 16/01/2021 ന് മാവേലി സൂപ്പർ സ്റ്റോറുകളും തുറന്ന് പ്രവർത്തനം ആരംഭിച്ചു.

iv. 2020-21 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതമായ 4.73 കോടി രൂപ നവീകരണത്തിന് അനുമതി നൽകിയ 57 വിൽപ്പനശാലകളുടെ നവീകരിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം, തിരുവല്ല (2 ഗോഡൗണുകൾ), ചുള്ളിക്കൽ (കൊച്ചി), ഇടപ്പള്ളി (എറണാകുളം) എന്നിവിടങ്ങളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനും വലിയതുറയിലെ ഗോഡൗൺ നം.I-ന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി തന്നിട്ടുണ്ട്. ഇവയിൽ കൊല്ലം, തിരുവല്ല ഗോഡൗണുകളുടെ നിർമ്മാണവും വലിയതുറ ഗോഡൗൺ നം.I ന്റെ അറ്റകുറ്റപ്പണികളും പുരോഗമിക്കുന്നു. കൊച്ചിയിലെ ഗോഡൗണിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. കൂടാതെ ഇടപ്പള്ളി ഗോഡൗൺ നിർമ്മാണത്തിന് തടസ്സമായ റോഡ് സൗകര്യം പരിഹരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**